(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ജല അതോറിട്ടിയിലെ നിയമനങ്ങൾ

150. [196] ശ്രീ. എം. ജിനദേവൻ :

,, സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയിൽ മാനേജ്മെന്റ് പി. എസ്. സി. വഴിയല്ലാതെ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേരെയാണ് നിയമിച്ചതെന്ന് വെളിപ്പെടുത്താമോ ;

(സി) അതിൽ ഹരിജനങ്ങൾ എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 118 പേർ.

(സി) 17 പേർ.

വാട്ടർ അതോറിറ്റിയിൽ ഹാൻഡ്റസീറ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ

151. [197] ശ്രീ. സി. റ്റി. അഹമ്മദ് അലി :

,, പി. സീതിഹാജി :

,, കൊരമ്പയിൽ അഹമ്മദ് ഹാജി :

,, പി. കെ. കെ. ബാവ :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ ഹാൻഡ് റസീറ്റ് വ്യവസ്ഥയിൽ (എച്ച്. ആർ.) ജോലി ചെയ്യുന്ന എത്ര താല്ക്കാലിക ജീവനക്കാരുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) 1984-ന് ശേഷം എത്രപേരെ ഈ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) ഇതിന്റെ ജാതി തിരിച്ചുള്ളകണക്കു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1033 പേരുണ്ട്.

(ബി) 1033 പേർ

LIBRARY ARCHIVES Kerala Legislative Assembly

(സി)	തിരുവനന്തപുരം	272
	കൊല്ലം	15
	ആലപ്പുഴ	18
	പത്തനംതിട്ട	41
	കോട്ടയം	21
	ഇടുക്കി	63
	എറണാകുളം	95
	തൃശ്ശൂർ	155
	പാലക്കാട്	107
	മലപ്പുറം	153
	കോഴിക്കോട്	3
	കണ്ണൂർ	74
	വയനാട്	(ഇല്ല)
	കാസർ ഗോട്	16
	ആകെ	1033

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മുൻമന്ത്രിയുടെ യാത്രാബത്ത

152. [198] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റി ചെയർമാൻ എന്ന നിലയിൽ മുൻ ജലസേചന വകുപ്പുമന്ത്രി യാത്രാ ബത്ത വാങ്ങിയിരുന്നുവോ ?

(ബി) എങ്കിൽ എത്ര രൂപ വാങ്ങി ?

ഉത്തരം

(എ) വാങ്ങിയിരുന്നു.

(ബി) മൊത്തം 35,353.75 രൂപ വാങ്ങിയിട്ടുണ്ട്.

ഭൂഗർഭജലം കൃഷിക്കുപയുക്തമാക്കുവാൻ നടപടി

153. [199] ശ്രീ. ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, സി. എഫ്. തോമസ് :
,, എം. വി. മാണി :
,, തോമസ് കല്ലുംപള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരുടെ സഹകരണത്തോടെ ഭൂഗർഭജലം കൃഷിക്കുപയുക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സാമൂഹിക ജലസേചനപദ്ധതി 1986-87 സാമ്പത്തിക വർഷത്തിൽ ഗ്രാമ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly